# കേരളത്തിന് പുതിയ ധനകാര്യ ചട്ടക്കൂട് അനിവാര്യം: സുസ്ഥിര-സത് - ഭരണത്തിനായി

ഡോ. ജോസഫ് ഏബ്രഹാം

നിലവിൽ കേരളം വളരെ സങ്കീർണ്ണമായ ധനകാര്യ പ്രതിസന്ധികളെ അഭിമുഖീകരിക്കുകയാണ്. തിരഞ്ഞെടുപ്പിൽ മികച്ച വിജയം നേടി അധികാരത്തിലെത്തിയ പുതിയ സർക്കാരിന് കൈകാര്യം ചെയ്യേണ്ടിവരുന്ന ധനകാര്യ ഘടന; സ്ഥിരമായ റവന്യു കുറവ്, കുമിഞ്ഞു കൂടി വരുന്ന കടബാദ്ധ്യതകൾ, ചുരുങ്ങുന്ന വായ്പാ അവസരങ്ങൾ, വർദ്ധിച്ചുവരുന്ന നിർബന്ധിത ചെലവുകൾ, കുറഞ്ഞുവരുന്ന ധന-ക്യാപ്പിറ്റൽ രൂപീകരണം എന്നിവകൾ മൂലം വളരെ സങ്കീർണ്ണമായ അവസ്ഥയിലാണ്. നിലവിൽ കേരളത്തിന്റെ മുഖ്യ ധനകാര്യ വെല്ലുവിളി ക്രയാത്മക വാർഷിക ബജറ്റ് തയ്യാറാക്കണമെന്നതാണ്. ഇത് വികസന-ക്ഷേമ നേട്ടങ്ങളെ ദുർബലപ്പെടുത്താതെ നിലനിർത്തി, പുനരേകീകരിച്ച് ദീർഘകാല ധനകാര്യ സുസ്ഥിരത പുനസ്ഥാപിക്കലിലൂടെയെ സാധ്യമാവൂ.

ഇന്ത്യയിൽ ധനകാര്യ നിയന്ത്രണത്തിനായി രൂപപ്പെടുത്തിയ ഫിസ്കൽ റെസ്പോൺസിബിലിറ്റി ആന്റ് ബജറ്റ് മാനേജ്മെന്റ് (എഫ്.ആർ.ബി.എം.) ആക്ട് പൊതുധനകാര്യ നിയന്ത്രണത്തിൽ സുപ്രധാന പങ്ക് നിർവ്വഹിച്ചുപോരുന്നുണ്ട്. പക്ഷെ കേരളത്തിന്റെ നിലവിലെ സാമ്പത്തിക യാഥാർത്ഥ്യങ്ങൾ സൂചിപ്പിക്കുന്നത്, പഴയ എഫ്.ആർ.ബി.എം മാതൃക-മൂന്ന് മാൻഡേറ്ററി നിരക്കുകൾ; ഫിസ്കൽ ഡഫിസിറ്റ്, റവന്യു ഡഫിസിറ്റ്, കടം-ജി.എസ്.ഡി.പി. എന്നീ അനുപാതങ്ങളെ മാത്രം മുഖ്യമായി കേന്ദ്രീകരിച്ചുള്ള മോഡൽ ഇനിമുതൽ മതിയാകില്ലായെന്നതാണ്. പുതുയുഗത്തിന് ഇനി ആവശ്യമായിരിക്കുന്നത് താഴെപ്പറയുന്ന അഞ്ച് പരസ്പരം ബന്ധപ്പെട്ട ധനകാര്യ നിരക്കുകളെ അടിസ്ഥാനമാക്കിയിട്ടുള്ള ഒരു രണ്ടാം തലമുറ എഫ്.ആർ.ബി.എം. ചട്ടക്കൂടാണ്.

(i) ഫിസ്ക്കൽ ഡഫിസിറ്റ്;

(ii) കടം-ജി.എസ്.ഡി.പി. നിരക്ക്;

(iii) റവന്യു ഡെഫിസിറ്റ്;

(iv) അറ്റ-നെറ്റ് വായ്പയിൽ നിന്നുമുള്ള മൂലധന ചിലവ്;

(v) നിത്യനിദാന ചിലവുകൾ-മൊത്ത റവന്യു വരുമാന നിരക്ക്.

2011-15 ലെ യു.ഡി.എഫ്. ഭരണകാലത്ത് ഈ നിരക്കുകൾ ഭേദപ്പെട്ട നില കൈവരിച്ചിരുന്നു. എന്നാൽ 2016-20, 2021-25 കളിലെ ഇടത് ഭരണത്തിൽ ഇവയിൽ ചിലത് വളരെ ദുർബലമാക്കപ്പെട്ടു. ഈ അഞ്ച് സൂചകങ്ങളെ സമഗ്രമായി വിലയിരുത്തിയെ കേരളത്തിന്റെ നിലവിലെ ധനകാര്യ ആരോഗ്യവും, ദീർഘകാല സുസ്ഥിരതയും യാഥാർത്ഥ്യ ബോധത്തോടെ രൂപീകരിക്കാൻ കഴിയൂ. ഇപ്രകാരമുള്ള പുതു സമീപനത്തിന്റെ അഭാവം രൂക്ഷമായി തുടരുന്നു. മേൽ സൂചിപ്പിച്ച ഒന്നും രണ്ടും നിരക്കുകളെ ഒഴിവാക്കി മറ്റു മൂന്നു ഇനങ്ങളുടെ നയ-നിയമ രൂപവും ഭാവവും വ്യക്തമാക്കേണ്ടതുണ്ട്. ഇപ്രകാരമുള്ള മാറ്റം സുസ്ഥിര-സത് ഭരണം കൈവരിയ്ക്കാനുതകും. വിശദാംശങ്ങൾ ലഭ്യമാക്കാം.

## 1. ഫിസ്ക്കൽ ഡഫിസിറ്റ്

വായ്പകളുടെ അളവിന്റെ വ്യാപ്തിയിൽ നിന്നും ഇവയുടെ ഗുണമേന്മയിലേക്കുള്ള ചുവട് മാറ്റം സുപ്രധാന സമീപനമായി മാറേണ്ടതുണ്ട്.

നിലവിലുള്ള എഫ്.ആർ.ബി.എം. ചട്ടപ്രകാരം സംസ്ഥാനങ്ങളുടെ ധനകമ്മി പൊതുവെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ (ജി.എസ്.ഡി.പി.യുടെ) 3 ശതമാനത്തിനുള്ളിൽ നിർത്തണമെന്നാണ് നിബന്ധന. നിയന്ത്രണമില്ലാത്ത ധനകമ്മി പൊതുധനകാര്യത്തെ അസ്ഥിരമാക്കുകയും കടബാധ്യത ഉയർത്തുകയും ചെയ്യുന്നതിനാൽ ഈ ചട്ടം ഇപ്പോഴും വളരെ സുപ്രധാനമാണ്. എന്നാൽ കേരളത്തിന്റെ ഇപ്പോഴത്തെ വർദ്ധിത വികസന-അടിസ്ഥാന സൗകര്യ ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ ഈ പരിധി കർശനമായി പാലിക്കുന്നതിന് ഉടൻ സാധ്യമാകില്ല.

അതേസമയം നിയന്ത്രണമില്ലാത്ത വായ്പയെടുക്കലുകൾ ദീർഘകാലത്തേയ്ക്ക് തുടരുന്നത് അപകടകരമാണ്. അതിനാൽ പ്രധാന ചോദ്യമാകേണ്ടത് ധനകമ്മി എത്രയെന്നതല്ല, ആ

വായ്പകൾ ഉപയോഗിക്കുന്നത് എന്തിനാണെന്നതാണ്. കേരളത്തിന്, അതിനാൽ നിലവിലുള്ള 3 ശതമാന പരിധി താൽക്കാലികമായി 3.5-4 ശതമാനം വരെ ഉയർത്താൻ ആവശ്യപ്പെടാം. എന്നാൽ ഇതിൻ പ്രകാരമുള്ള അധിക വായ്പകൾ ഉൽപ്പാദനക്ഷമമായ മൂലധന നിക്ഷേപങ്ങൾക്കായി മാത്രമേ ഉപയോഗിക്കാവൂ.

**നിർദ്ദേശിക്കുന്ന പുതിയ മാനദണ്ഡം**

| ധനകാര്യ സൂചിക | നിലവിലെ പൊതുമാന ദണ്ഡം | കേരളത്തിനുള്ള നിർ ദേശിത പുതിയ ഇടക്കാല മാന ദണ്ഡം |
|---|---|---|
| ധനകമ്മി-മൊത്ത ആഭ്യന്തര ഉത്പാദന നിരക്ക് | 3% | താൽക്കാലികമായി 3.5-4%, എന്നാൽ മൂലധന നിക്ഷേപത്തിന് എന്ന വ്യവസ്ഥകളോടെ മാത്രം |

**മേൽ ഇളവിനുള്ള നിർബന്ധിത നിബന്ധനകൾ**

ഇപ്രകാരമുള്ള പുതിയ അധിക വായ്പകൾ താഴെപ്പറയുന്ന മേഖലകൾക്കായി മാത്രം ഉപയോഗിക്കണം.

- അടിസ്ഥാന സൗകര്യ വികസനം;
- ലോജിസ്റ്റിക്സ്;
- വ്യവസായ പാർക്കുകൾ;
- കാലാവസ്ഥാ പ്രതിരോധ സംവിധാനം;
- നഗര നവീകരണം;
- ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ, കൾച്ചറൽ ഹെറിറ്റേജ് ടൂറിസം;
- ജലസ്രോതസ്സ്-ജലയാത്ര വികസനം, സംരക്ഷണം;
- ഡിജിറ്റിൽ പൊതുസൗകര്യങ്ങൾ, എ.ഐ.പ്രോത്സാഹനം.

ദൈനംദിന ചെലവുകൾക്കായുള്ള വായ്പ ചെലവുകൾ ക്രമേണ കുറയണം. അതുകൊണ്ട് കേരളം മാറേണ്ടത്:-നിലവില കഠിനതര-തലത്തിൽ നിന്ന് പുതിയ സർക്കാർ ഇവയുടെ വിശദാംശങ്ങൾ തയ്യാറാക്കട്ടെ, വിദഗ്ദ്ധരുടെ സേവനമുപയോഗിച്ച്

**2. ഡെപ്റ്റ്-ജി.എസ്.ഡി.പി. റേഷ്യോ:**

അക്കൗണ്ടിംഗിനേക്കാൾ പ്രധാനമാണ് സുസ്ഥിരത: ഡെപ്റ്റ്-ജി.എസ്.ഡി.പി. അനുപാതം ദീർഘകാല ധനകാര്യ സുസ്ഥിരതയുടെ ഏറ്റവും പ്രധാന സൂചികകളിലൊന്നാണ്. പ്രത്യേകിച്ച് ഓഫ് ബഡ്ജറ്റ് ലയബിലിറ്റീസ്, ഗ്യാരന്റീസ്, ഇൻസ്റ്റിറ്റ്യൂഷണൽ ബോറോവിംഗ്സ് എന്നിവ കൂടി കണക്കാക്കുമ്പോൾ കേരളത്തിന്റെ കടബാധ്യത ആശങ്കാജനകമായ നിലയിലെത്തിയിരിക്കുന്നു.

എന്നാൽ ഡെപ്റ്റ്-സസ്റ്റെയിനബിലിറ്റി വെറും ജി.എസ്.ഡി.പി.-കടത്തിന്റെ അനുപാതം കൊണ്ടു മാത്രം നിർണയിക്കാനാവില്ല. സമാന ഡെപ്റ്റ്-ജി.എസ്.ഡി.പി. അനുപാതമുള്ള രണ്ട് സംസ്ഥാനങ്ങൾക്ക് പരസ്പരം വ്യത്യസ്ഥ തിരിച്ചടവുശേഷി ഉണ്ടാകാം. ഇത് ആശ്രയിക്കുന്നത് മുഖ്യമായി സംസ്ഥാനങ്ങളുടെ:-

(i) സാമ്പത്തിക വളർച്ച;

(ii) നികുതി വരുമാന വളർച്ച;

(iii) പലിശഭാരം;

(iv) ഉൾപ്പാദനക്ഷമത;

(v) ചെലവിന്റെ ഗുണമേന്മ; ഇവയിലൊക്കെയാണ്.

## നിർദേശിക്കുന്ന പുതിയ മാനദണ്ഡം

| ധനകാര്യ സൂചിക | നിലവിലെ പൊതു മാനദണ്ഡം | കേരളത്തിനുള്ള നിർദേശിത പുതിയ മാനദണ്ഡം |
|---|---|---|
| ഡെപ്റ്റ്-ജി.എസ്.ഡി.പി. നിരക്ക് | ഏകദേശം 30-32% | ഉടൻ 35%-ൽ താഴെ സ്ഥിരപ്പെടുത്തുക; 5 വർഷത്തിനുള്ളിൽ 32 %ലേക്ക് കുറയ്ക്കുക |

**ആവശ്യമായ പരിഷ്കാരങ്ങൾ**

**കേരളം ഉടനടി ചെയ്യേണ്ടവ ചുവടെ നൽകുന്നു.**

(i) അഞ്ച് വർഷത്തെ ഡെപ്റ്റ് കറക്ഷൻ പാത്ത് രൂപപ്പെടുത്തണം, പ്രസിദ്ധീകരിക്കണം.

(ii) കെ.ഐ.ഐ.എഫ്.ബി., എസ്.പി.വി., കെ.എസ്.എസ്.പി. ലിമിറ്റഡ് എന്നിവയുടെ ലയബിലിറ്റീസ് പൂർണ്ണമായി തയ്യാറാക്കി വെളിപ്പെടുത്തണം.

(iii) ഇതര ഗ്യാരന്റീസ്, കണ്ടിജന്റ് ലയബിലിറ്റീസ് എന്നിവയുടെ കണക്കുകൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കണം.

മുഖ്യ ലക്ഷ്യം പെട്ടെന്നുള്ള കടം ചുരുക്കൽ മാത്രം അല്ല, നിയന്ത്രിത സുസ്ഥിരതയും, ഘട്ടംഘട്ടമായ കുറവ് ഏർപ്പാടാക്കലും ആയിരിക്കണം.

**3. റവന്യൂ ഡെഫിസിറ്റ്**

ഇത് സർക്കാരിന്റെ വലിയ ദൗർബല്യം ആയി തുടരുന്നു: എല്ലാ ധനകാര്യ സൂചികകളിലും വച്ച് റവന്യു ഡെഫിസിറ്റ് നിരക്ക് കേരളത്തിന്റെ അടിസ്ഥാന സാമ്പത്തിക പ്രശ്നങ്ങളെ ഏറ്റവും വ്യക്തമായി ചിത്രീകരിക്കും. റവന്യു ഡെഫിസിറ്റ് എന്നത് നിലവിലെ വരുമാനം നിലവിലെ ചെലവുകൾക്കു പോരാത്ത അവസ്ഥയാണ്. അർത്ഥം, സർക്കാർ പതിവ് ചെലവുകൾക്കായി പരോക്ഷമായി വായ്പ എടുക്കേണ്ടി വരുന്നത് തുടരുന്നു.

കേരളത്തിലെ റവന്യു ഡെഫിസിറ്റ് പ്രധാനമായും ഉയരുന്നതിന്റെ കാരണങ്ങൾ: മുഖ്യമായും വർദ്ധിതമായിട്ടുള്ള :-

- ശമ്പള ബാധ്യതകൾ;
- പെൻഷൻ ഭാരം;
- പലിശചെലവുകൾ;
- ക്ഷേമച്ചെലവുകൾ;
- കുറഞ്ഞ വരുമാന മിച്ചം എന്നിവയാണ്.

ഇവ ഒരു ദുഷ് ചാക്രിക വലയം സൃഷ്ടിച്ചിരിക്കുന്നു. കൂടുതൽ വായ്പ→കൂടുതൽ പലിശഭാരം→കുറഞ്ഞ ധനകാര്യ സ്വാതന്ത്ര്യം→വീണ്ടും കൂടുതൽ വായ്പ, എന്നിങ്ങനെ ഇതിനെ മറികടക്കാൻ ഒരു പുതിയ നിരക്ക് പ്രതിപാദിയ്ക്കട്ടെ.

## നിർദേശിക്കുന്ന പുതിയ മാനദണ്ഡം

| ധനകാര്യ സൂചിക | നിലവിലെ പൊതു മാനദണ്ഡം | കേരളത്തിനുള്ള നിർദേശിത മാനദണ്ഡം |
|---|---|---|
| റവന്യൂ ഡെഫിസിറ്റ് | പൂജ്യത്തിലേക്ക് കുറയ്ക്കുക | പ്രതിവർഷം ജി.എസ്.ഡി.പി.യുടെ 0.3-0.5% വീതം കുറയ്ക്കുക; 5 വർഷത്തിനുള്ളിൽ സമതുലിതാവസ്ഥ കൈവരിക്കുക. നിയമ-നയ സംരക്ഷണം ഉറപ്പാക്കട്ടെ |

**4. നെറ്റ് ബോറോവിംഗ്സിൽ നിന്നുള്ള ക്യാപിറ്റൽ എക്സ്പെൻഡിച്ചർ** :

കേരളത്തിന് ഏറ്റവും പ്രധാനപ്പെട്ട അവഗണിയ്ക്കപ്പെട്ട സൂചികയാണിത്: പഴയ എഫ്.ആർ.ബി.എം. സംവിധാനത്തിൽ ഒരു നിർണായക ചോദ്യം ഉണ്ടായിരുന്നില്ല. അതായത് ‘‘പൊതു വായ്പയിൽ എത്രയാണ് ഉൽപ്പാദനക്ഷമമായ ആസ്തികളായി മാറുന്നത്?’’

കേരളത്തിന്റെ ഇപ്പോഴത്തെ ധനകാര്യ സാഹചര്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ധനകാര്യ നിരക്ക് ഇതാണ്.

**<u>നിർദേശിക്കുന്ന പുതിയ നിർബന്ധിത മാനദണ്ഡം</u>**

| ധനകാര്യ സൂചിക | നിലവിലെ പൊതു മാനദണ്ഡം | കേരളത്തിനുള്ള നിർദേശിത മാനദണ്ഡം |
|---|---|---|
| ക്യാപിറ്റൽ എക്സ്പെൻഡിചർ -നെറ്റ് ബോറോ- വിംഗ്സ് | നിയമപരമായ മാനദണ്ഡമില്ല | ഉടൻ കുറഞ്ഞത് 50%; 5 വർഷ ത്തിനുള്ളിൽ 60% ലക്ഷ്യമാക്കുക. |

ഇപ്രകാരമുള്ള മാറ്റത്തിന് കേരളത്തിന്റെ പൊതു ധനഉപയോഗ ഗുണമേന്മയെ അടിസ്ഥാനപര മായി മാറ്റിമറിക്കാൻ കഴിയും.

**<u>5. കമിറ്റഡ് എക്സ്പെൻഡിചർ-റവന്യൂ റെസീപ്റ്റ്സ്</u>**

ഇത് മറഞ്ഞിരിക്കുന്ന ധനകാര്യ കുടുക്കാണ്: നിലവിൽ കേരളത്തിലെ ഏറ്റവും ഗുരുതരമായ ധനകാര്യ-ഘടനാപരമായ പ്രശ്നങ്ങളിൽ ഒന്നാണ് തുടരെ ഉയരുന്ന ഈ കമിറ്റഡ് എക്സ്പെൻഡിച്ചറുകൾ.

ഇതിൽ ഉൾപ്പെടുന്ന ഇനങ്ങൾ:-

(i) ശമ്പളം

(ii) പെൻഷൻ

(iii) പലിശ

(iv) നിർബന്ധിത സബ്സിഡികൾ, എന്നിവകളാണ്.

ഇവ റവന്യൂ റെസീപ്റ്റിന്റെ വലിയ വിഹിതം പിടിച്ചെടുക്കുമ്പോൾ വികസന ച്ചെലവു കൾക്കുള്ള വിഭവ ലഭ്യതാ സാധ്യത കുറയുന്നു. ഇതിനെ പ്രത്യേകം വിലയിരുത്തേണ്ടതുണ്ട്.

**<u>നിർദേശിക്കുന്ന പുതിയ പ്രുഡൻഷ്യൽ നോം</u>**

| ധനകാര്യ സൂചിക | നിലവിലെ പൊതു മാനദണ്ഡം | കേരളത്തിനുള്ള നിർദേശിത മാനദണ്ഡം |
|---|---|---|
| കമിറ്റഡ് എക്സ്പെൻഡി ചർ/റവന്യൂ റെസീപ്റ്റ്സ് | ഏക നിരക്ക് ബാധകമല്ല. അതീവ സമ്മർദ്ദ മേഖലയാണ് | ഉടൻ 65%-ൽ താഴെ ; 3 വർഷത്തിനു ള്ളിൽ 60%; ദീർഘകാല അടിസ്ഥാന ത്തിൽ 55%. നിയമ-നയ സംരക്ഷ ഉറപ്പാക്കട്ടെ. |

**<u>6. സ്ഥാപനപരവും ഭരണപരവുമായ പരിഷ്കാരങ്ങൾ</u>**

കേരളം ഇപ്പോൾ താഴെപ്പറയുന്ന സ്ഥാപനപരമായ നവീകരണങ്ങൾ നടപ്പാക്കട്ടെ. ഇവകളുടെ അഭാവം വളയമില്ലാചാട്ടങ്ങൾക്ക് അവസരം നല്കുന്നു.

- സ്വതന്ത്ര കേരള ഫിസ്കൽ കൗൺസിൽ, രൂപീകരിക്കാം.
- റോളിംഗ് മീഡിയം-ടേം ഫിസ്കൽ ഫ്രെയിംവർക്ക്, തയ്യാറാക്കി അവതരിപ്പിക്കട്ടെ. അഞ്ച് വർഷത്തേയ്ക്കുള്ള ബേസ് പ്ലാൻ ധനവകുപ്പ് തയ്യാറാക്കി നടപ്പിലാക്കട്ടെ.
- ആനുവൽ ഫിസിക്കൽ റിസ്ക് സ്റ്റേറ്റ്മെന്റ്സ് തയ്യാറാക്കി അവതരിപ്പിയ്ക്കട്ടെ.
- ഡെപ്റ്റ് സസ്റ്റെയിനബിലിറ്റി അസസ്മെന്റ്സ് റിപ്പോർട്ടുകൾ സമയബന്ധിതമായി തയ്യാ റാക്കി അവതരിപ്പിയ്ക്കട്ടെ.
- അഞ്ച് പ്രധാന ധനകാര്യ ഇടപെടലുകളുടെ സുതാര്യ നിരീക്ഷണ നടപ്പാക്കൽ ധന-സം വിധാനം ഉറപ്പാക്കട്ടെ.
- മേൽ വിവരിച്ചവയുടെ സ്ഥിതിവിവര കണക്കുകൾ മികവുറ്റ രീതിയിൽ, സുതാര്യവും സമയബന്ധിതവും ഏറ്റവും പുതിയതും ആയി തയ്യാറാക്കി ലഭ്യമാക്കട്ടെ.

**തിരിച്ചറിവ് പ്രവർത്തനങ്ങൾ :** കേരളത്തിന്റെ ധനകാര്യ ഭാവി മേൽ വിവരിച്ച ഘടനാപരമായ പരിഷ്കാരങ്ങൾ ആവശ്യപ്പെടുന്നു. മുഖ്യമന്ത്രിയുടെ ധന വകുപ്പ് ഇവ നടപ്പിലാക്കുമോ? ഈ പുതിയ സർക്കാരിന് കേരളത്തിന്റെ ധനകാര്യ ഘടന പുനർ രൂപകൽപ്പന ചെയ്യാനുള്ള ചരിത്ര പരമായ അവസരമാണിത്. ലക്ഷ്യം അന്ധമായ മിതവ്യയം ആകരുത്, അതുപോലെ നിയന്ത്രണ മില്ലാത്ത വായ്പകളും ആകരുത്. പകരം, വായ്പയെ ഉൽപ്പാദനക്ഷമതയോടും അടിസ്ഥാന സൗകര്യ വികസനത്തോടും ദീർഘകാല സുസ്ഥിരതയോടും ബന്ധിപ്പിക്കുന്ന ഒരു വികസനോ ന്മുഖ ധനകാര്യ ഉത്തരവാദിത്ത സംവിധാനം കേരളം തുടരെ സൃഷ്ടിക്കണം. കേരളത്തിന്റെ ധനകാര്യ പ്രശ്നം വെറും കടമെടുക്കലും ഡെഫിസിറ്റ് മാനേജ്മെന്റും മാത്രമല്ല. ഇത് അടിസ്ഥ ാനപരമായി: "വികസന ഭരണവും, ഉൽപ്പാദനക്ഷമതയുമായി ബന്ധപ്പെട്ട ഘടനാപരമായ വെല്ലു വിളിയാണ്". അതുകൊണ്ട് പ്രശ്ന പരിഹാരം പൊതുചെലവുകളുടെ ഗുണമേന്മ, ഭരണക്ഷമത, ഉൽപ്പാദനക്ഷമത, കടം മാനേജ്മെന്റ് മികവ്, വളർച്ചാ കേന്ദ്രീകൃത ധനകാര്യ ഭരണം എന്നിവ യുടെ ഏകോപിത പരിഷ്കാരത്തിലൂടെയാണ് സാധ്യമാകുക, എന്ന തിരിച്ചറിവ് പ്രവർത്തന ങ്ങളുമാണ്.

********